08
ഡിസംബർ 2017 വെള്ളി
1193 വൃശ്ചികം 23
തിരുവനന്തപുരം

കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A
106 വർഷങ്ങൾ
4 തലമുറകൾ
16 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

തീർക്കും നമ്മൾ തുടങ്ങും മുമ്പ്...

'സ്റ്റാർ വാർ' ആയുധം ഇന്ത്യയ്ക്ക് അരികെ



ന്യൂഡൽഹി: യുദ്ധം തുടങ്ങും മുമ്പ് അവസാനിപ്പിക്കാൻ ശേഷിയുള്ള ഒരു ആയുധം വികസിപ്പിക്കുന്നതിന്റെ പടിവാതിൽക്കലാണ് ഇന്ത്യ. തുടങ്ങും മുമ്പ് യുദ്ധം എങ്ങനെ തീർക്കും എന്ന് സംശയം തോന്നാം. പക്ഷേ, അത്രയും ശക്തിയുറ്റതാണ് പുതിയ ലേസർ ആയുധം. പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ ആണ് ഇത് വികസിപ്പിച്ചുകൊണ്ടിരിക്കുന്നത്. വൺകെ.വി ലേസർ ആയുധത്തിന്റെ പരീക്ഷണം കർണാടകയിലെ ചിത്രദുർഗയിൽ ആഗസ്റ്റ് അവസാനം വിജയകരമായി നടത്തിയിരുന്നു.

സ്റ്റാർ വാർ സിനിമയിലും ഫ്ലാഷ് ഗോർഡൺ കോമിക് ബുക്കുകളിലും കാണുന്ന തരത്തിലുള്ള ലേസർ തോക്കുകളല്ല ഇവ.

സ്വകാര്യ കമ്പനികളായ കല്യാണി ഗ്രൂപ്പും റോൾസ് റോയിസും ഇന്ത്യയിൽ ഈ ആയുധം വികസിപ്പിക്കാനോ നിർമ്മിക്കാനോ ഉള്ള പരീക്ഷണ ഘട്ടങ്ങളിലാണ്.

കർണാടകത്തിൽ പരീക്ഷണം നടത്തിയത് 250 മീറ്റർ ദൂരെ വച്ചിരുന്ന ഒരു ലോഹക്കട്ടിയിലാണ്. ലോഹക്കട്ടി തുളയ്ക്കാൻ ലേസർ രശ്മിക്ക് 36 സെക്കൻഡ് മാത്രമേ വേണ്ടിവന്നുള്ളൂ. ഇത് വൺ കെ.വി ആയുധമായിരുന്നു.

2 കെ.വി ആയുധം ഉടൻ പരീക്ഷിക്കും. ഇതിന് ഒരു കിലോമീറ്റർ വരെ അകലെയുള്ള ലക്ഷ്യത്തെ നശിപ്പിക്കാൻ കഴിയും. ഇതിന്റെ പണിപ്പുരയിലാണ് ഡി.ആർ ഡി.ഒയിലെ ഗവേഷകർ. ഇത്തരത്തിൽ 100 കെ.വി ലേസർ ആയുധം വരെ വികസിപ്പിക്കാനാവും. പക്ഷേ അതിന് ഏതാനും വർഷങ്ങൾ കൂടി വേണ്ടി വരും.

പരീക്ഷണം വിജയം

ഡി.ആർ.ഡി.ഒ ലേസർ ആയുധം ആഗസ്റ്റിൽ പരീക്ഷിച്ച് വിജയിപ്പിച്ചു. 36 സെക്കൻഡിൽ ലക്ഷ്യ വസ്തുവിനെ തകർത്തു

ഡയറക്ടഡ് എനർജി വെപ്പൺ

- ലേസർ രശ്മികളെ ലക്ഷ്യത്തിലേക്ക് പായിക്കുന്ന ഇലക്ട്രോണിക് സംവിധാനം
- ഡയറക്ടഡ് എനർജി വെപ്പൺ (ഡി.ഇ.ഡബ്ല്യു) എന്നാണ് വിളിക്കുന്നത്
- ട്രക്കിൽ കയറ്റി കൊണ്ടുവച്ച് പായിച്ചാൽ സെക്കൻഡുകൾക്കകം ലക്ഷ്യം ചാമ്പലാകും
- ഒരു യുദ്ധ ടാങ്കിലാണ് ഇത് പതിക്കുന്നതെങ്കിൽ അത് ഉടൻ ഉരുകിത്തീരും
- മിസൈലുകളെയും വിമാനങ്ങളെയും കപ്പലുകളെയും ചുട്ടെരിക്കാൻ നിമിഷങ്ങൾ മതി
- യുദ്ധഭൂമിയെ ടാർഗറ്റാക്കിയാൽ അത്രയും ഭാഗത്തെ സർവതും ചാമ്പലാകും

തിരുവനന്തപുരം റവന്യൂ ജില്ലാ കലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം കഥകളിയിൽ ഒന്നാം സ്ഥാനം നേടിയ എച്ച്. ഹരീഷ് (പി. എൻ. എം. ജി. എച്ച്. എസ്. എസ്, ചിറയിൻകീഴ്) ഫോട്ടോ: അജയ് മധു

പശ്ചിമേഷ്യ വീണ്ടും പുകയുന്നു

ലോകം ട്രംപിനെതിരെ

- അമേരിക്കയെ പിന്തുണയ്ക്കില്ലെന്ന് ഇന്ത്യ
- ഇന്ന് രക്ഷാസമിതി യോഗം

വെസ്റ്റ് ബാങ്കിലെ നബ്ലുസ് നഗരത്തിൽ പാലസ്തീനികൾ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കോലം കത്തിക്കുന്നു

യു. എൻ: ജറുസലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചതിനെതിരെ ലോകവ്യാപകമായി പ്രതിഷേധം ഉയരുന്നതിനിടെ ഐക്യരാഷ്ട്ര രക്ഷാസമിതി ഇന്ന് അടിയന്തര യോഗം ചേരും.

അതേസമയം, ട്രംപിന്റെ നിലപാട് അംഗീകരിക്കില്ലെന്ന് ഇന്ത്യ വ്യക്തമാക്കി.

ട്രംപിന്റെ പ്രഖ്യാപനത്തെ തുടർന്ന് പശ്ചിമേഷ്യ വീണ്ടും അസ്വസ്ഥമാകുന്നതിന്റെ സൂചന പോലെ വെസ്റ്റ് ബാങ്കിൽ ഇന്നലെ അക്രമങ്ങൾ പൊട്ടിപ്പുറപ്പെട്ടു. യേശുക്രിസ്തുവിന്റെ ജന്മസ്ഥലമായ ബെത്‌ലഹേമിൽ പാലസ്തീനികൾ പ്രതിഷേധ സൂചകമായി ക്രിസ്മസ് വിളക്കുകൾ അണച്ചു. അവർ ഇസ്രയേലി പട്ടാളത്തിന് നേരെ കല്ലെറിഞ്ഞു. പട്ടാളം കണ്ണീർ വാതകം പ്രയോഗിച്ചു.

ട്രംപ് നരകവാതിൽ തുറന്നു എന്ന് വിശേഷിപ്പിച്ച പാലസ്തീൻ സംഘടനയായ ഹമാസ് പുതിയ പ്രക്ഷോഭത്തിന് (ഇന്തിഫാദ) ആഹ്വാനം ചെയ്തു. ഹമാസിന്റെ എതിർ സംഘടനയായ ഫത്താ രക്ഷാസമിതിയിൽ പരാതി നൽകും.

ഇന്ന് വെള്ളിയാഴ്ച പാലസ്തീനികൾ വൻപ്രക്ഷോഭത്തിന് തെരുവിൽ ഇറങ്ങുമെന്ന സൂചനയിൽ വെസ്റ്റ്ബാങ്കിൽ ഇസ്രായേൽ കൂടുതൽ സേനയെ വിന്യസിക്കാൻ തുടങ്ങി.

അമേരിക്കയുടെ പരമ്പരാഗത സഖ്യരാഷ്ട്രങ്ങളും ട്രംപിന്റെ തീരുമാനത്തെ എതിർത്തു. അന്യായവും നിരുത്തരവാദപരവും എന്നാണ് സൗദി അറേബ്യ വിശേഷിപ്പിച്ചത്. തീരുമാനത്തെ പിന്തുണയ്ക്കില്ലെന്ന് ഫ്രാൻസും ബ്രിട്ടനും വ്യക്തമാക്കി.

ട്രംപിന്റെ പ്രഖ്യാപനം ഇന്ന് രക്ഷാസമിതി ചർച്ച ചെയ്യും. സ്ഥിരാംഗങ്ങളായ ബ്രിട്ടനും ഫ്രാൻസും, താത്കാലിക അംഗങ്ങളായ ബൊളീവിയ, ഈജിപ്റ്റ്, ഇറ്റലി, സെനഗൾ, സ്വീഡൻ, ഉറുഗ്വേ എന്നീ രാജ്യങ്ങളും ചേർന്നാണ് രക്ഷാസമിതിയുടെ പ്രത്യേക യോഗം ചേരണമെന്ന് ആവശ്യപ്പെട്ടത്. യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ് യോഗത്തിൽ സംസാരിക്കും. അങ്ങേയറ്റത്തെ ഉത്കണ്ഠയുടെ സമയമാണിതെന്നും വിഷയം നേരിട്ട് ചർച്ച ചെയ്യുമെന്നും ഗുട്ടെറസ് പറഞ്ഞു.

പാലസ്തീൻ വിഷയത്തിൽ സ്വതന്ത്ര നിലപാട് തുടരുമെന്ന് ഇന്ത്യ വ്യക്തമാക്കി. ഇത് നമ്മുടെ വീക്ഷണങ്ങളും താത്പര്യങ്ങളും അനുസരിച്ചാണ്. മൂന്നാമതൊരാൾക്ക് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ലെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രവീഷ് കുമാർ ന്യൂഡൽഹിയിൽ പറഞ്ഞു. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ട്രംപിന്റെ തീരുമാനത്തെ ചരിത്രപരം എന്ന് വിശേഷിപ്പിച്ചു. കൂടുതൽ രാജ്യങ്ങൾ പിന്തുണയ്ക്കുമെന്നും അവർ എംബസികൾ ജറുസലേമിലേക്ക് മാറ്റുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

പാലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് യു. എൻ രക്ഷാസമിതിയുടെയും അറബ് ലീഗിന്റെയും പിന്തുണ തേടി. ടർക്കി തലസ്ഥാനമായ ഇസ്താംബുളിലും ജോർദ്ദാൻ തലസ്ഥാനമായ അമ്മാനിലും അമേരിക്കൻ കോൺസുലേറ്റിന് പുറത്ത് പ്രതിഷേധ പ്രകടനങ്ങൾ നടന്നു. ട്രംപ് ഈ മേഖലയെ അഗ്നിവലയത്തിൽ എറിഞ്ഞിരിക്കയാണെന്ന് ടർക്കി പ്രസിഡന്റ് റെസിപ് തയ്യിപ് എർദ്ദോഗൻ പറഞ്ഞു.

ദശലക്ഷക്കണക്കിന് മുസ്ലിങ്ങളുടെ വികാരങ്ങളെ ട്രംപ് വ്രണപ്പെടുത്തിയെന്ന് ഇറാനിലെ മഹാപുരോഹിതൻ അയത്തൊള്ള അലി സിസ്താനി പറഞ്ഞു. അമേരിക്കൻ നീക്കത്തെ പിന്തുണയ്ക്കില്ലെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മക്രോണും ജർമ്മൻ ചാൻസലർ ഏഞ്ചല മെർക്കലും ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസ മേയും വ്യക്തമാക്കി. ട്രംപിന്റെ നീക്കം ഉത്കണ്ഠയോടെയാണ് കാണുന്നതെന്ന് റഷ്യ വ്യക്തമാക്കി.

തർക്കഭൂമി ജറുസലേം

- പശ്ചിമേഷ്യയിലെ പുരാതന നഗരമായ ജറുസലേം ഇസ്ലാം, ക്രിസ്ത്യൻ, ജൂത മതവിശ്വാസികളുടെ പുണ്യഭൂമിയാണ്.
- മെഡിറ്ററേനിയൻ കടലിനും ചാവ് കടലിനും ഇടയിലായി ജൂദിയൻ മലനിരകളിലാണ് ജെറുസലേം സ്ഥിതി ചെയ്യുന്നത്.
- ആധുനിക ജെറുസലേം പുരാതന ജെറുസലേം നഗരത്തിന് ചുറ്റുമായാണ് വളർന്നിരിക്കുന്നത്.
- ഇപ്പോൾ ജെറുസലേം പൂർണമായും ഇസ്രായേലിന്റെ അധീനതയിലാണ്.
- പടിഞ്ഞാറൻ ജറുസലേമിന്റെ നിയന്ത്രണം 1948ൽ തന്നെ ഇസ്രായേൽ ഏറ്റെടുത്തു.
- 1967-ലെ ആറ് ദിന യുദ്ധത്തിൽ ജോർദ്ദാന്റെ അധീനതയിൽ നിന്ന് ഇസ്രായേൽ കിഴക്കൻ ജെറുസലേം പിടിച്ചെടുത്തു
- അന്നുമുതൽ ഇസ്രായേൽ – പാലസ്തീൻ തർക്കത്തിന്റെ കേന്ദ്രമാണ്.
- ജൂതരുടെ പുണ്യസ്ഥലമായ ടെംപിൾ മൗണ്ടും ഇസ്ലാമിലെ മൂന്നാമത്തെ പുണ്യസ്ഥലമായ അൽ അഖ്സ മസ്ജിദും ക്രിസ്ത്യാനികൾ യേശുവിന്റെ കുരിശുമരണവും ഉയിർത്തെഴുന്നേൽപ്പും നടന്നെന്ന് വിശ്വസിക്കുന്ന കബറിട ദേവാലയവും കിഴക്കൻ ജറുസലേമിലാണ്.
- പാലസ്തീൻകാർ കിഴക്കൻ ജറുസലേം തങ്ങളുടെ തലസ്ഥാനമാണെന്ന് അവകാശപ്പെടുന്നു.
- നാല് ലക്ഷത്തിലേറെ പാലസ്തീൻകാർ കിഴക്കൻ ജറുസലേമിലുണ്ടെന്നാണ കണക്ക്. ഇവർക്ക് ഒരു രാജ്യത്തിന്റെയും പൂർണപൗരത്വമില്ല.
- 1980ൽ ഐക്യ ജറുസലേമിനെ രാജ്യതലസ്ഥാനമായി പ്രഖ്യാപിച്ച് ഇസ്രായേൽ നിയമം പാസാക്കിയെങ്കിലും യുഎൻ രക്ഷാസമിതി തള്ളി.

ആധാർ ബന്ധിപ്പിക്കൽ മാർച്ച് 31 വരെ: കേന്ദ്രം

- കാർഡുള്ളവർക്ക് ഈ 31 വരെ മാത്രം
- മൊബൈലുമായി ഫെബ്രു. 6 വരെ

▸ സ്വന്തം ലേഖകൻ

ന്യൂഡൽഹി: ബാങ്ക് അക്കൗണ്ടുമായും കേന്ദ്ര സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളുമായും ആധാർ ബന്ധിപ്പിക്കേണ്ട അവസാന തീയതി മാർച്ച് 31 വരെ നീട്ടുമെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. വിജ്ഞാപനം ഇന്ന് പുറത്തിറങ്ങും. അതേസമയം, മൊബൈൽ ഫോൺ നമ്പരുമായി ആധാർ ബന്ധിപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി ആറ് തന്നെയായിരിക്കും.

ആധാർ ഇല്ലാത്തവർക്കാണ് മാർച്ച് 31 വരെ സമയം അനുവദിക്കുന്നതെന്നും ആധാർ നമ്പർ ഉള്ളവർ ഡിസംബർ 31ന് മുൻപ് തന്നെ ബന്ധിപ്പിക്കണമെന്നും അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിനെ അറിയിച്ചു. ആധാറിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് ഹർജി നൽകിയിട്ടുള്ളവർ ഇതിനെ എതിർത്തു. ഇന്നത്തെ ഉത്തരവിൽ വ്യക്തത ഉണ്ടാകുമെന്ന് അറ്റോർണി ജനറൽ പറഞ്ഞു. തുടർന്ന് ആധാർ സ്റ്റേ ചെയ്യണമെന്ന ഹർജിക്കാരുടെ ആവശ്യം അടുത്ത ആഴ്ച അഞ്ചംഗ ഭരണഘടനാ ബെഞ്ച് പരിഗണിക്കുമെന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

ഓഖി ദുരന്തം: 4 മൃതദേഹം കൂടി കണ്ടെടുത്തു

കാണാതായവരുടെ പുതിയ കണക്കെടുക്കുന്നു

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റിൽ കടലിൽ മരിച്ച നാലു പേരുടെ മൃതദേഹം കൂടി ഇന്നലെ കണ്ടെത്തി.

തൃശൂർ ചേറ്റുവ കടലിൽ ഒരു മൃതദേഹവും ആലപ്പുഴയ്ക്കും കൊച്ചിക്കുമിടയിൽ 100 നോട്ടിക്കൽ മൈൽ അകലെ ഒഴുകി നടന്ന മൂന്ന് മൃതദേഹങ്ങളുമാണ് കണ്ടെത്തിയത്. മൃതദേഹങ്ങൾ അഴുകി തിരിച്ചറിയാനാവാത്ത നിലയിലാണ്. ഇതോടെ മരിച്ചവരുടെ എണ്ണം സർക്കാരിന്റെ കണക്കിൽ 36 ആയി. കോഴിക്കോട്ട് 15 മത്സ്യത്തൊഴിലാളികളെ വ്യോമസേനയുടെ വിമാനത്തിൽ കവരത്തി ദ്വീപിലെത്തിച്ചു.

കടലിലകപ്പെട്ട മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിൽ കണക്ക് തെറ്റിയ സർക്കാർ വീണ്ടും കണക്കെടുപ്പ് തുടങ്ങി. 92 പേരെയേ രക്ഷപ്പെടുത്താനുള്ളുവെന്ന സർക്കാരിന്റെ വാദം പൊളിഞ്ഞതോടെയാണ് ആധികാരികമായി കണക്കെടുക്കുന്നത്. തീരമേഖലയിലെ വില്ലേജ് ഓഫീസർമാർ ഓരോ വീടും സന്ദർശിച്ച് കണക്കെടുക്കും. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പട്ടികയുണ്ടാക്കാൻ റവന്യൂ അഡിഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകി.

200 ലധികം പേരെ കണ്ടെത്താനുണ്ടെന്നാണ് ലത്തീൻ അതിരൂപതയുടെ കണക്ക്. തിരുവനന്തപുരത്ത് മാത്രം 174 പേരുണ്ട്. പൊഴിയൂരിൽ നിന്ന് പോയ 33 മത്സ്യത്തൊഴിലാളികൾ തിരിച്ചുവന്നില്ലെന്നും പറയുന്നു.

ഒറ്റനോട്ടം

പടയൊരുക്കം സമാപനം 14ന്; രാഹുൽ എത്തും

പേജ് -07

ട്രഷറി ചതിച്ചു; പി.എസ്.സി പരീക്ഷകൾ പ്രതിസന്ധിയിൽ

പേജ് -08

സർക്കാരിന് ഇച്ഛാശക്തിയില്ല: സി.പി.ഐ

പേജ് -07

അമേരിക്ക ആദരിച്ച ഡോ. ദിവ്യയ്ക്ക് അസി. പ്രൊഫസറാകാൻ അയിത്തം

കേരളയിൽ വിളയുന്നത് സിൻഡിക്കേറ്റ് ലോബിയുടെ കുതന്ത്രം

KAUMUDI SPECIAL

▸ എം.എച്ച്. വിഷ്ണു

ഡോ. ദിവ്യ സി. സേനൻ

തിരുവനന്തപുരം: ഗവേഷണത്തിലെ മികവിന് അമേരിക്ക ആദരിച്ച ദിവ്യയെ സംശയത്തിന്റെ നിഴലിലാക്കിയിരിക്കുകയാണ് കേരള സർവകലാശാലയിലെ സിൻഡിക്കേറ്റ് ലോബി.

എഴുതിയ പരീക്ഷയിലെല്ലാം റാങ്കും ഫുൾബ്രൈറ്റ് സ്കോളർഷിപ്പുമുണ്ടായിട്ടും ഡോ. ദിവ്യ സി. സേനൻ വിദ്യാഭ്യാസ പഠനഗവേഷണ വകുപ്പിൽ അസി. പ്രൊഫസർ തസ്തികയിലെത്തിയത് അവർക്ക് സഹിക്കുന്നില്ല. മുൻവൈസ്ചാൻസലർ ഡോ. എ. സുകുമാരൻനായർക്കു ശേഷം നാലുപതിറ്റാണ്ടിനിടെ കേരള സർവകലാശാലയിലേക്ക് അമേരിക്കൻ ഫുൾബ്രൈറ്റ് സ്കോളർഷിപ്പ് എത്തിച്ച പ്രതിഭയാണ് വർക്കല നെടുങ്കണ്ട ശ്രീനാരായണ ട്രെയിനിംഗ് കോളേജിലെ അസി. പ്രൊഫസറായിരുന്ന ഡോ. ദിവ്യ സി. സേനൻ. 2014ൽ എജ്യൂക്കേഷനിൽ രാമൻ പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ച ഏക ഇന്ത്യക്കാരിയുമാണ് ദിവ്യ.

കേരളയിൽ നിന്ന് ഒന്നാം ക്ലാസോടെ ഫിസിക്സ് ബിരുദം, എം.ജിയിൽ നോൺകൺവെൻഷണൽ എനർജിയിൽ ഒന്നാംറാങ്കോടെ എം.എസ്‌സി, ബി.എഡിന് ഒന്നാംറാങ്ക്, എം.ജിയിൽനിന്ന് എം.എഡിന് രണ്ടാംറാങ്ക്. സെറ്റ്, നെറ്റ് യോഗ്യത. കേരളയിൽ നിന്ന് എജ്യൂക്കേഷനിൽ പിഎച്ച്ഡി, അമേരിക്കയിലെ അലബാമ സർവകലാശാലയിൽ നിന്ന് എൻവയൺമെന്റൽ എജ്യൂക്കേഷനിൽ രാമൻ പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പ്, അമേരിക്കയിലെ നാഷണൽ സ്പേസ് സയൻസ് ടെക്നോളജി സെന്ററിൽ നിന്ന് എനർജി സ്റ്റഡീസിൽ ഫുൾബ്രൈറ്റ് പോസ്റ്റ് ഡോക്ടറൽ സ്കോളർഷിപ്പ്... ഇങ്ങനെ പഠനഗവേഷണരംഗങ്ങളിൽ അസൂയാവഹമായ നേട്ടങ്ങളാണ് ദിവ്യയുടേത്. 2014ൽ യു.ജി.സിയുടെ റിസർച്ച് അവാർഡിന് രണ്ടാംസ്ഥാനത്തെത്തി. അമേരിക്കയിലെ ഓർലാന്റോയിൽ 2016ൽ നടന്ന ലോക ശാസ്ത്രസമ്മേളനത്തിൽ മികച്ച പ്രബന്ധം ദിവ്യയുടേതായിരുന്നു. നാല് പുസ്തകങ്ങളും അന്താരാഷ്ട്ര ജേർണലുകളിൽ 16 പ്രബന്ധങ്ങളും ദിവ്യയുടേതായുണ്ട്. ഡിസംബർ 11 മുതൽ നടക്കുന്ന ലണ്ടൻ ഇന്റർനാഷണൽ കോൺഫറൻസ് ഓഫ് എജ്യൂക്കേഷനിലെ ഒരു സെഷൻ നയിക്കാൻ ദിവ്യയെ കേംബ്രിഡ്ജ് സർവകലാശാല ക്ഷണിച്ചിരിക്കുകയാണ്.

> ഏഴംഗ സമിതിയാണ് അഭിമുഖം നടത്തിയത്. വി.സിക്ക് പ്രത്യേക അധികാരമൊന്നുമില്ല. ദിവ്യ എന്റെ ബന്ധുവല്ല. അഭിമുഖത്തിന് എത്തിയപ്പോഴാണ് അവരെ ആദ്യമായി കാണുന്നത്.
>
> *ഡോ. പി.കെ. രാധാകൃഷ്ണൻ, വൈസ് ചാൻസലർ*

യോഗ്യതകളും നിയമനവും

എജ്യൂക്കേഷൻ വകുപ്പിൽ മുസ്ലിം, ഈഴവ, ഓപ്പൺ വിഭാഗത്തിലായി മൂന്ന് ഒഴിവുകളിലേക്ക് 2011 ലാണ് വിജ്ഞാപനമിറക്കിയത്. കഴിഞ്ഞ ജനുവരിയിൽ നടന്ന അഭിമുഖത്തിൽ 130 പേർ പങ്കെടുത്തു. 2012ലാണ് പി.എച്ച്ഡി ലഭിച്ചതെന്നതിനാൽ ദിവ്യയ്ക്ക് റിസർച്ച് പെർഫോമൻസിലെ 24 മാർക്ക് ലഭിച്ചില്ല. ബിരുദാനന്തരബിരുദമുള്ളതിനാൽ 4 മാർക്ക് കിട്ടി.

റാങ്കുകളും പബ്ലിക്കേഷനുകളും പ്രബന്ധങ്ങളും സെമിനാറുകളുമടക്കം അക്കാഡമിക് യോഗ്യതകൾക്ക് 24ഉം അഭിമുഖത്തിന് 19ഉം മാർക്ക് ലഭിച്ചു.

ദിവ്യയുടെ അക്കാഡമിക് യോഗ്യതകൾ വിലയിരുത്തി അഭിമുഖത്തിന് പരമാവധി മാർക്കായ 20 നൽകണമെന്ന് സമിതിയംഗങ്ങളായ അളഗപ്പ സർവകലാശാലയിലെ ഡോ. പി. പ്രേമ, ബംഗളൂരു സർവകലാശാലയിലെ ഡോ. എം.എസ്. തൽവാർ, ഗുൽബർഗ സർവകലാശാലയിലെ ഡോ. സുരേഖ, ഡോ. ഇ.ആർ. എക്ബോധെ, ഡീൻ ഡോ. പി.ജെ. ജേക്കബ്, വകുപ്പമേധാവി ഡോ. എ. തെരേസാ സൂസൻ എന്നിവർ നിലപാടെടുത്തിരുന്നു. എന്നാൽ, സമിതി അദ്ധ്യക്ഷനായ വൈസ്ചാൻസലർ ഡോ. പി.കെ. രാധാകൃഷ്ണൻ 18 മാർക്കാണ് നിർദ്ദേശിച്ചത്. ഒടുവിൽ സമവായത്തോടെ 19 മാർക്ക് നൽകുകയായിരുന്നു. ഈഴവ ക്വോട്ടയിൽ ദിവ്യയ്ക്കും മുസ്ലിം ക്വോട്ടയിൽ എം. സമീർ ബാബുവിനും ഓപ്പൺ ക്വോട്ടയിൽ വി. സിന്ധ്യയ്ക്കും നിയമനം കിട്ടി. എന്നാൽ ദിവ്യയ്ക്ക് പി.എച്ച്ഡിയില്ലെന്നും ഈയിനത്തിൽ അനധികൃതമായി മാർക്ക് നൽകിയെന്നുമൊക്കെയാണ് സിൻഡിക്കേറ്റ് ലോബി പ്രചരിപ്പിക്കുന്നത്. മാനഹാനിയുണ്ടാക്കുന്ന കുപ്രചാരണം നടത്തിയതിന് സിൻഡിക്കേറ്റംഗങ്ങളായ ജ്യോതികുമാർ ചാമക്കാല, കെ.എച്ച്. ബാബുജാൻ, എ.എ. റഹിം എന്നിവർക്കെതിരെ ദിവ്യ മനുഷ്യാവകാശ കമ്മിഷനിലും വനിതാകമ്മിഷനിലും പരാതി നൽകിയിട്ടുണ്ട്.

ഫുൾബ്രൈറ്റ് സ്കോളർഷിപ്പ്

അന്താരാഷ്ട്ര തലത്തിൽ യുവഗവേഷകർക്കു ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരമാണ് ഫുൾബ്രൈറ്റ് സ്കോളർഷിപ്പ്. ഗവേഷണത്തിലെ മികവിന് യുണൈറ്റഡ് സ്റ്റേറ്റ്സ്- ഇന്ത്യാ എജ്യൂക്കേഷൻ ഫൗണ്ടേഷനാണ് ഇത് നൽകുന്നത്. ജീവിതകാലം മുഴുവൻ അമേരിക്കയിലെ ഏത് സർവകലാശാലയിലും ഗവേഷണം നടത്താൻ ട്യൂഷൻഫീസ്, സ്റ്റൈപ്പെൻഡ്, മെഡിക്കൽ ഇൻഷ്വറൻസ്, അമേരിക്കയിലേക്കുള്ള വിമാന ടിക്കറ്റ്, അഞ്ചുവർഷം കാലാവധിയുള്ള വിസ എന്നിവയെല്ലാം ലഭിക്കും. പേരിനൊപ്പം ഫുൾബ്രൈറ്റ് ഫെലോ എന്ന് ചേർക്കാം.

22 IFFK

ചലച്ചിത്രോത്സവം: ഇന്ന് കൊടിയേറ്റം

▸ കോവളം സതീഷ്‌കുമാർ

തിരുവനന്തപുരം: ആഘോഷമില്ല, ആർപ്പുവിളിയില്ല, ഉള്ളത് സിനിമ മാത്രം. സിനിമയുടെ 22-ാമത് തീർത്ഥാടനം ഇന്ന് തുടങ്ങുകയാണ്. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ പ്രദർശനം രാവിലെ 10ന് ആരംഭിക്കും.

ഉദ്ഘാടനത്തിന് തിരഞ്ഞെടുത്ത ചിത്രം 'ഇൻസൾട്ട്' വൈകിട്ട് ആറിന് നിശാഗന്ധിയിൽ പ്രദർശിപ്പിക്കും. ഓഖിദുരന്തത്തിൽ മരിച്ചവർക്ക് അതിന് മുമ്പ് അനുശോചനം അർപ്പിക്കും. മന്ത്രി എ.കെ. ബാലൻ ഉൾപ്പെടെയുള്ളവർ എത്തും. മുഖ്യാതിഥികളായി ബംഗാളി നടി മാധവി മുഖർജിയും, തെന്നിന്ത്യൻ താരം പ്രകാശ് രാജും പങ്കെടുക്കും. ടാഗോർ, കലാഭവൻ, കൈരളി, ശ്രീ, നിള തിയേറ്ററുകളിൽ ഇന്ന് രാവിലെ മുതൽ സിനിമ കാണാം. ടാഗോർ തിയേറ്ററിൽ രാവിലെ 10ന് 'കിംഗ് ഓഫ് പെക്കിംഗ്', കൈരളിയിൽ 'ഹോളി എയർ', 10.15ന് കലാഭവനിൽ 'വുഡ് പെക്കേഴ്സ്', ശ്രീയിൽ 'ഡോഗ്സ് ആൻഡ് ഫൂൾസ്', 10.30ന് നിളയിൽ 'ദ ബ്ലസ്ഡ്' എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

65 രാജ്യങ്ങളിൽ നിന്നുള്ള 190 സിനിമകൾ 14 തിയേറ്ററുകളിലായി പ്രദർശിപ്പിക്കും. മേള 15ന് സമാപിക്കും.

MAXVALUE
CREDITS AND INVESTMENTS LTD.
Transforming Life...
ഗോൾഡ് ലോൺ
ഗ്രാമിന് ഏറ്റവും
ഉയർന്ന വായ്പ
കുറഞ്ഞ പലിശനിരക്കിൽ...
* Branches All Over Kerala
www.maxvaluecredits.com

തലവര

മാണിയെ എൽ.ഡി.എഫിലേക്ക് തൈലം തളിച്ച് സ്വീകരിക്കേണ്ട സാഹചര്യമില്ല: കാനം



നാട്ടിൽ പ്രമാണിയെ കണ്ടാലറിയാത്ത....